# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7037 | 11/07/2014 ൽ മറുപടിക്ക്

### ആർ.എം. എസ്.എ. പദ്ധതി

**ചോദ്യം**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ
„ ലൂഡി ലൂയിസ്
„ ആർ. സെൽവരാജ്
„ പി.എ. മാധവൻ

എ) സെക്കന്ററി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും ഇതിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ആർ. എം. എസ്. എ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) പ്രധാനമായും 3 കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ) കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം. ബി) തുല്യത, സി) ഗുണനിലവാരം.

എ) <u>കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം.</u> 5 കിലോമീറ്ററിനുള്ളിൽ കുട്ടികൾക്ക് സെക്കൻഡറി സ്കൂൾ ഉറപ്പാക്കുക, അതിനായി യു.പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തുക, നിലവിലുള്ള ഹൈസ്കൂളുകളിൽ, പുതിയ ക്ലാസ്സ് റൂമുകൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ റൂമുകൾ, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ടോയിലറ്റുകൾ, അധികമായി ആവശ്യമുള്ള അധ്യാപകരെ നിയമിക്കുക.
ബി) <u>തുല്യത</u>. പെൺകുട്ടികളുടെയും എസ്.സി/എസ്.ടി മൈനോറിട്ടി വിഭാഗത്തിന്റെയും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
സി) <u>ഗുണനിലവാരം</u>. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്,ലൈബ്രറികൾ, ടീച്ചേഴ്സ് ഇൻസർവീസ്, അഡീഷണൽ ടീച്ചേഴ്സിന്റെ നിയമനം, എച്ച്.എം മാരുടെ ട്രെയിനിംഗ്, പാഠ്യ പദ്ധതി പരിഷ്കരണം, സയൻസിനും, കണക്കിനും പ്രാധാന്യം കൊടുക്കുക, കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിദ്യാഭ്യാസം, കൊ-കരിക്കുലർ ആക്റ്റിവിറ്റി, ടീച്ചിംഗ് ലേണിംഗ് എയിഡഡ് റെമഡിയൽ ടീച്ചിംഗ് തുടങ്ങിയവ നടപ്പാക്കുക, പുതിയ

ക്ലാസ് മുറികൾ, ലൈബ്രറി, സയൻസ് ലബോറട്ടറി, കമ്പ്യൂട്ടർ മുറി, ടോയിലറ്റ് ബ്ലോക്ക്, കുടിവെള്ളം, വൈദ്യുതി, ടെലിഫോൺ എന്നീ സ്കൂൾ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുക, തുടങ്ങിയവ.

| | | | |
|---|---|---|---|
| ബി) | പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ? | ബി) | ഉദ്ദേശമുണ്ട്. കേരളത്തിലെ സ്കൂളുകൾക്ക് ആവശ്യമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നോംസ് അനുസരിച്ച് ഓരോ വർഷവും പദ്ധതിരേഖ യഥാസമയം സമർപ്പിക്കുന്നു.<br>യു.പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തൽ(കെട്ടിടനിർമ്മാണവും അദ്ധ്യാപകരുടെ ശമ്പളവും ഉൾപ്പെടെ), അധ്യാപകരുടെ പരിശീലനം, സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ്, പെൺകുട്ടികൾക്ക് കായിക പരിശീലനം, പഠനത്തിന് പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സിലെ കുട്ടികൾക്ക് പരിഹാരബോധനം, ജില്ലാതല പുസ്തകമേള, സയൻസ് മേള, ക്രാഫ്റ്റ് മേള, ജില്ലാതല-ഉപജില്ലാതല യുവജനോത്സവം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ